(ബി) ഇല്ല. എന്നാൽ സർക്കാർ ഉത്തരവനുസരിച്ച് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എം. വി. ഐ. തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) ബാധകമാക്കിയിട്ടില്ല. വകുപ്പിലെ സ്പെഷ്യൽ റൂളിൽ പ്രസ്തുത നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ജി.ഒ.(പി) നമ്പർ 16/2008/ട്രാൻ. തീയതി (7-4-2008) നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് മാനദണ്ഡങ്ങൾ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ഇ) മോട്ടോർ വാഹന വകുപ്പിൽ സീനിയർ സൂപ്രണ്ടുമാർക്ക് ജോയിന്റ് ആർ. ടി. ഒ. ആയി സ്ഥാനക്കയറ്റം നൽകുന്നത് 2 എം. വി. ഐ. സീനിയർ സൂപ്രണ്ട് എന്ന അനുപാതത്തിലാണ്. എസ്. എസ്. എൽ.സി അടിസ്ഥാന യോഗ്യതയായുള്ള ലോവർ ഡിവിഷൻ ക്ലാർക്കുമാരെ നിശ്ചിത ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സാകുന്നതിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിയാണ് സീനിയർ സൂപ്രണ്ടായി നിയമിക്കുന്നത്. ഇവരിൽ നിന്ന് മുകളിൽ പറഞ്ഞ അനുപാതത്തിൽ ജോയിന്റ് റീജിയണൽ ട്രാൻപോർട്ട് ഓഫീസറായി പ്രൊമോഷൻ നൽകുന്നു. ഇവർക്ക് ഫിസിക്കൽ ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടില്ല.

(എഫ്) സാങ്കേതിക പരിജ്ഞാനം ഉണ്ടോ എന്നറിയാൻ പരീക്ഷ നടത്താറില്ല.

മോട്ടോർ അസോസിയേഷൻ ഇറക്കിയ രഹസ്യ സർക്കുലർ

181 (5401) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈക്കൂലി ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ഡ്യൂട്ടി ചെയ്യേണ്ടി വന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥനെ സഹായിക്കാൻ പ്രതിമാസ പണപ്പിരിവ് ആവശ്യപ്പെട്ട് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ അസോസിയേഷൻ രഹസ്യ സർക്കുലർ ഇറക്കിയതായ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly